7341
10/4/18

## കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - 06.03.2018-ന് ഓട്ടോറിക്ഷയിൽ ലോറി മറിഞ്ഞുണ്ടായ അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

**റവന്യൂ (ഡി.ആർ.എഫ്. - സി) വകുപ്പ്**

സ.ഉ. (എം.എസ്.) നമ്പർ : **141/2018/റവ.** തിരുവനന്തപുരം, തീയതി, 07.04.2018.

==========================================

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക്, കാട്ടിപ്പരുത്തി വില്ലേജിലെ പാലച്ചുവട്, കാട്ടുബാവ വീട്ടിൽ ശ്രീ. മൊയ്തീൻകുട്ടിയുടെ മകൻ മുഹമ്മദ് നിസാർ (33), പാലച്ചുവട്, തയ്യിൽ വീട്ടിൽ ഖദീജ (48), പാലച്ചുവട്, തയ്യിൽ വീട്ടിൽ ഷാഹിന എന്നിവർ 06.03.2018-ന് ഓട്ടോറിക്ഷയിൽ ലോറി മറിഞ്ഞുണ്ടായ അപകടത്തിൽ മരണപ്പെട്ടു. മരണപ്പെട്ട മൂന്നുപേരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ വീതം ആകെ 3 ലക്ഷം രൂപ ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായിവരുന്ന തുക *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട തഹസീൽദാർക്ക് വിതരണം ചെയ്യേണ്ടതും, തഹസീൽദാർ തുക വിതരണം ചെയ്ത് ഒരാഴ്ചയ്ക്കകം സർക്കാരിനെ വിവരം അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.എച്ച്. കുര്യൻ.,
അഡിഷണൽ ചീഫ് സെക്രട്ടറി.

ജില്ലാ കളക്ടർ, മലപ്പുറം
തഹസിൽദാർ, തിരൂർ
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K.N

സെക്ഷൻ ഓഫീസർ.